## 15 -ാം കേരള നിയമസഭ

## 6 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1629** — **31-08-2022 - ൽ മറുപടിയ്ക്ക്**

### കാർഷിക കടാശ്വാസ കമ്മീഷനെ ജനകീയമാക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ . ഷാഫി പറമ്പിൽ ,<br>ശ്രീ. എ . പി . അനിൽ കുമാർ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാർഷിക കടാശ്വാസ കമ്മീഷൻ മുഖേന കർഷകരുടെ ഉന്നമനത്തിനായി സ്വീകരിച്ചിട്ടുള്ള പ്രധാന നടപടികൾ എന്തെല്ലാമാണ്; വിശദാംശം നൽകുമോ; | (എ) | **കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ കടക്കാരായ കർഷകരെയും ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങളെയും കേൾക്കുകയും അനുരഞ്ജനം നടത്തി അവാർഡ് പ്രകാരം സർക്കാരിലേക്ക് കടാശ്വാസ ശിപാർശ നടത്തുകയും ചെയ്യുന്നു. കേരളത്തിലെ കർഷകർ സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾക്ക് (വയനാട്, ഇടുക്കി ജില്ലകളിലെ കർഷകർ 31.08.2018 വരെ എടുത്ത വായ്പകൾക്കും മറ്റ് ജില്ലകളിലെ കർഷകർ 31.03.2014 വരെ എടുത്ത വായ്പകൾക്കും) കർഷകൻ കൊടുത്തു തീർക്കാനുള്ള തുക 50,000/- രൂപയോ അതിൽ കുറവോ ആണെങ്കിൽ പരമാവധി 75% വരെയോ 50,000/- രൂപയിൽ കൂടുതൽ ആണെങ്കിൽ പരമാവധി 50% തുകയോ 2 ലക്ഷം രൂപ വരെയോ കമ്മീഷൻ കടാശ്വാസം അനുവദിച്ചു വരുന്നു. ഇതിനായി കമ്മീഷനിൽ ലഭിക്കുന്ന വിശദാംശങ്ങൾ അടങ്ങിയ അപേക്ഷകൾ വിവിധ ജില്ലകളിൽ വച്ച് കമ്മീഷൻ നടത്തുന്ന സിറ്റിംഗുകളിൽ കർഷകരുടെയും ബാങ്ക് പ്രതിനിധികളുടേയും സാന്നിദ്ധ്യത്തിൽ പരിശോധിച്ച് കടാശ്വാസം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രസ്തുത ഉത്തരവ് സഹകരണ സംഘം രജിസ്ട്രാറുടെ പരിശോധനയ്ക്ക് വിധേയമായി ബന്ധപ്പെട്ട ബാങ്കുകൾക്ക് കൈമാറുകയാണ് ചെയ്യുന്നത്.**<br><br>**കടാശ്വാസത്തിനായി ലഭിച്ചിട്ടുള്ള അപേക്ഷകളിന്മേൽ വേഗത്തിൽ തീർപ്പ്** |

| | | | |
|---|---|---|---|
| | | | **കല്പിക്കുന്നതിനായി സിറ്റിംഗുകളുടെ എണ്ണം വർദ്ധിപ്പിക്കുകയും, ഇപ്രകാരം 7 ജില്ലകളിലെ കേസുകൾ പൂർണ്ണമായി തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്.**<br>**കൂടാതെ കമ്മീഷൻ അവാർഡ് പുറപ്പെടുവിച്ച അപേക്ഷകളിൽ സഹകരണ സംഘം രജിസ്ട്രാറുടെ വെരിഫിക്കേഷൻ നടപടികൾ പൂർത്തിയാകുന്നതിനുമുമ്പ് തന്നെ കടാശ്വാസ തുക കർഷകർ നൽകുന്ന ബോണ്ടിന്റെ അടിസ്ഥാനത്തിൽ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പരിശോധനയിലാണ്.** |
| (ബി) | നാഷണലൈസ്ഡ് ബാങ്കുകളിൽ നിന്ന് കർഷകർ എടുത്തിട്ടുള്ള വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെ കുടിശികയാകുന്ന സാഹചര്യത്തിൽ കമ്മീഷന് എപ്രകാരം ഇടപെടാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; അത്തരത്തിൽ കമ്മീഷൻ ഇടപെടുന്നുണ്ടോയെന്നും ആയതിന് എന്തെങ്കിലും നിയമതടസ്സമുണ്ടോയെന്നും അറിയിക്കാമോ; | (ബി) | പ്രസ്തുത വിഷയം സർക്കാർ പരിശോധിച്ചു വരികയാണ്. |
| (സി) | കാർഷിക കടാശ്വാസ കമ്മീഷനെ കൂടുതൽ ജനകീയമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | വിവിധ ജില്ലകളിൽ കടാശ്വാസത്തിന് പരിഗണിക്കുന്ന വായ്പാ തീയതികൾ രണ്ടു വർഷത്തേയ്ക്കു കൂടി ദീർഘിപ്പിക്കുന്നതിനും കമ്മീഷൻ അവാർഡ് പുറപ്പെടുവിച്ച തുക പരിശോധനക്ക് വിധേയമാക്കുന്നതിനാൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനായി കർഷകർ നൽകുന്ന ബോണ്ടിന്റെ അടിസ്ഥാനത്തിൽ തുക നൽകി കൊണ്ട് അവാർഡു തുക കുടിശ്ശികയാകാതെ പരമാവധി വേഗത്തിൽ ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യുന്നതിനും ഉള്ള നടപടി സർക്കാർ പരിശോധനയിലാണ്. |
| (ഡി) | ഇടുക്കി, വയനാട് ജില്ലകളിലെ കർഷകരുടെ 31.08.2018 വരെയുള്ള വായ്പകൾക്കും മറ്റ് ജില്ലകളിലെ കർഷകരുടെ 31.03.2014 വരെയുള്ള വായ്പകൾക്കുമാണോ നിലവലിൽ കടാശ്വാസം നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ ; എങ്കിൽ ഇത് വിപുലീകരിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | **അതെ. ഈ കാലാവധി രണ്ടു വർഷത്തേയ്ക്കു കൂടി ദീർഘിപ്പിക്കുന്ന വിഷയം സർക്കാർ പരിശോധനയിലാണ്.** |

സെക്ഷൻ ഓഫീസർ